പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 365

2020 ഫെബ്രുവരി 4-ലെ മറുപടിയ്ക്ക്

## ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധന

| ചോദ്യം<br>ശ്രീ. കെ. രാജൻ | മറുപടി<br>ഡോ. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) 2018-19 വർഷത്തിൽ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയതിൽ ഏതൊക്കെ ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; | 2018-19 വർഷത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ 117 ഓഫീസുകളിൽ വിവിധ തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. |
| (ബി) പ്രസ്തുത ഓഫീസുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | ക്രമക്കേടുകളും, അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2018-19 ൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശങ്ങൾ

| ക്രമ നം | 2018-19 ൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ ഓഫീസുകൾ | പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകളും ആയതിന്മേലുള്ള ശിപാർശകളും | റിപ്പോർട്ടിന്മേൽ ഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് | ഫ്ലാറ്റ് വാടകയിനത്തിൽ ചട്ടവിരുദ്ധമായി 4,22,000/- രൂപ അനുവദിച്ചു നൽകിയതിനും, മാനദണ്ഡങ്ങൾക്കു വിരുദ്ധമായി സ്വയം തൊഴിൽ വായ്പ കരസ്ഥമാക്കിയതിനും, ചട്ടങ്ങൾ ലംഘിച്ചു കൊണ്ട് വായ്പ അനുവദിച്ചു നൽകിയതിനും ഉത്തരവാദിയായ മുൻ KSMDFC മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും, ചട്ടവിരുദ്ധമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും ശിപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം, കാരോട്, തിരുവനന്തപുരം. | എച്ച്.എം.സി. ഫണ്ടിൽ നിന്നും പണാപഹരണം നടത്തുക, ക്യാഷ് ബുക്ക്, കണ്ടിജന്റ്, എസ്റ്റാബ്ലിഷ്മെന്റ് ബില്ലുകൾ, വൗച്ചറുകൾ അടക്കമുള്ള ഓഫീസ് രേഖകൾ അനധികൃതമായി കടത്തിക്കൊണ്ടു പോവുക, അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുക, കാരോട് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻചാർജ്ജിന്റെ യൂസർ ഐ.ഡി. യും പാസ് വേഡും ഉപയോഗിച്ച് SPARK -ൽ തെറ്റായ രേഖപ്പെടുത്തലുകൾ നടത്തുക തുടങ്ങിയ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി. മുൻ സീനിയർ ക്ലാർക്ക് ശ്രീമതി ലൗലി ചന്ദ്ര. വി.ആർ. നെ അടിയന്തരമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തു. | ശ്രീമതി ലൗലി ചന്ദ്ര. വി.ആർ. നെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം, പാലോട് | T.R.5 രസീത് യഥാസമയം നൽകാതെ തുക സ്വീകരിക്കുക, തുക യഥാസമയം ട്രഷറിയിൽ ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കാതിരിക്കുക, ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളിലെ നിജസ്ഥിതി ഉറപ്പു വരുത്താതിരിക്കുക തുടങ്ങിയ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. സെക്ഷൻ ക്ലർക്ക് ശ്രീ. സന്തോഷ് കുമാർ ആർ.സി യെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിക്കുവാനും, മെഡിക്കൽ ഓഫീസറായിരുന്ന ഡോ. ദിവ്യ വി.എസ് നെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ശിപാർശ ചെയ്തു. | സെക്ഷൻ ക്ലർക്ക് ശ്രീ. സന്തോഷ് കുമാർ ആർ.സി യെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തു |

| | | | |
|---|---|---|---|
| 4 | പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വിഭാഗം ഡിവിഷൻ ഓഫീസ്, എറണാകുളം | പൊതുമരാമത്ത് വകുപ്പിൽ ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിച്ച് നൽകുന്നതിനുള്ള EMLI Software – ൽ ആയതിന്റെ സ്ഥാപിത ലക്ഷ്യത്തെ അട്ടിമറിച്ച് കൊണ്ട് പൊതുമരാമത്ത് എറണാകുളം റോഡ്സ് ഡിവിഷൻ കാര്യാലയത്തിൽ വ്യാജ ബിൽ ഐ.ഡികൾ സൃഷ്ടിച്ചതായും, മുൻപ് പൂർത്തീകരിച്ചതും നേരത്തെ തന്നെ സമർപ്പിച്ചതുമായ ബില്ലുകളുടെ വിവരങ്ങൾ, ഡിപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് വ്യാജ ബിൽ ഐ.ഡികൾ സൃഷ്ടിച്ചതായും കണ്ടെത്തി. EMLI Software – ൽ വ്യാജ ബിൽ ഐ.ഡികൾ സൃഷ്ടിച്ച (130 എണ്ണം) ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറായ ശ്രീമതി ബി.എസ്. ദീപയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തു. EMLI Software – ൽ ബിൽ തുക ഒഴികെയുള്ളവ എഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഒഴിവാക്കുവാൻ ശിപാർശ ചെയ്തു. | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ബി.എസ്. ദീപയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. EMLI Software – ൽ ബിൽ തുക ഒഴികെയുള്ളവ എഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഒഴിവാക്കി. |
| 5 | അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ കാര്യാലയം, പൂജപ്പുര തിരുവനന്തപുരം | വ്യാജ ടൂർ ടാക്സി ഇനത്തിലും, അനധികൃത പർച്ചേയ്സ്, വാഹന ദുരുപയോഗം, വ്യാജ ട്രിപ്പ് ഷീറ്റ്, അനധികൃത ചികിത്സാ ചെലവ് എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ 92,861/- രൂപ ഫിനാൻസ് ഓഫീസറുടെ ചുമതല വഹിച്ചിരുന്ന ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥനായ ശ്രീ. റ്റെറേഷ്യസ് എം.ൽ നിന്നും ഈടാക്കുവാനും, മുൻകൂറായി 27.07.2017-ൽ പിൻവലിച്ച 2 ലക്ഷം രൂപ ക്രമീകരിക്കുന്നത് വരെ 18% പലിശ ഈടാക്കുവാനും, മേല്പടി ക്രമക്കേടുകൾക്ക് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനും ശിപാർശ ചെയ്തു | ഭരണ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| 6 | കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ആസ്ഥാന കാര്യാലയം എറണാകുളം | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസിന്റെ പർച്ചേസ് ഓർഡർ പ്രകാരം ധരണി ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് സപ്ലൈ ചെയ്യേണ്ടിയിരുന്ന 33,500 ക്വിന്റൽ പഞ്ചസാരയും പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് സപ്ലൈ ചെയ്യേണ്ടിയിരുന്ന 11,160 ക്വിന്റൽ പഞ്ചസാരയും ടെണ്ടർ വ്യവസ്ഥ പ്രകാരം യഥാസമയം ലഭ്യമാക്കാത്തതിനാൽ ടി കമ്പനികളിൽ നിന്നും യഥാക്രമം 1.04 കോടി രൂപയും 18 ലക്ഷം രൂപയും ചേർത്ത് ആകെ 1.22 കോടി രൂപ പിഴയിനത്തിൽ ടി കമ്പനികളിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷൻ നിയമപരമായ നടപടികൾ സ്വീകരിക്കുവാനും ധരണി ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് എന്നീ കമ്പനികൾക്ക് ചട്ടവിരുദ്ധമായി പുതുക്കിയ പർച്ചേസ് ഓർഡർ നൽകി ടെണ്ടർ വ്യവസ്ഥയുടെ പവിത്രത ഇല്ലാതാക്കി കമ്പനികൾക്ക് അനുചിതമായ സഹായം ഒരുക്കിയ എച്ച്.ഒ.എം.സി അംഗങ്ങൾക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുവാനും ശിപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| 7 | KSBC FL-1-7043 ഷോപ്പ് വടക്കേക്കര, തൃശ്ശൂർ | തൃശ്ശൂർ, വടക്കേക്കര KSBC FL-1-7043 ഷോപ്പിൽ ധനകാര്യ പരിശോധന വിഭാഗം ഭൗതിക പരിശോധന നടത്തുകയും ഷോപ്പിന്റെ രണ്ടാം നിലയിൽ പ്രളയത്തിൽ നാശ നഷ്ടം സംഭവിക്കാത്ത ഉപയോഗ്യയോഗ്യമായ 74,99,010/- രൂപയുടെ മദ്യം സൂക്ഷിച്ചു വരുന്നതായി കണ്ടെത്തി. ധനകാര്യ പരിശോധന വിഭാഗം സമയോചിതമായി പരിശോധന നടത്തിയതുകൊണ്ടു മാത്രമാണ് പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതായി കാണിച്ചിരുന്ന 74,99,010/- രൂപയുടെ ഉപയോഗയോഗ്യമായ മദ്യം, ബിയർ, വൈൻ എന്നിവ കണ്ടെത്താൻ കഴിഞ്ഞത്. | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പ്രളയ നാശനഷ്ടം കണക്കാക്കുന്നതിൽ വീഴ്ച വരുത്തിയ വെയർഹൗസ് മാനേജർ ശ്രീ.കെ.കെ. ഗോപി, ഷോപ്പ് ഇൻ ചാർജ്ജ് ശ്രീ.പി.കെ.തമ്പി, ജില്ലാ ഓഡിറ്റ് അസിസ്റ്റന്റ് മാനേജർ ശ്യംകമാർ വി.എസ് എന്നിവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. |
| 8 | പൊഴിയൂർ യു.പി.എസ് | സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ.കെ. അമ്പാടി ഐ.എ.എസ് 17,85,788/- രൂപ പ്രഥമാദ്ധ്യാപകനായ ശ്രീ.ജോസ് വിക്ടറിന് നൽകുകയും അദ്ദേഹം ചട്ടങ്ങൾ പാലിക്കാതെയും ടെണ്ടർ രേഖകളിൽ കൃത്രിമം നടത്തിയും ഫർണിച്ചർ ലഭിക്കാതെ മുഴുവൻ തുകയും മുൻകൂറായി കരാറുകാരന് നൽകുകയും ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 9 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് | കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കപ്പെട്ട എന്ന് ഇൻഷ്വറൻസ് കമ്പനി അവകാശപ്പെടുന്ന 494 കർഷകർ യഥാർത്ഥത്തിൽ ഇൻഷ്വറൻസ് എടുത്തിരുന്ന കർഷകരായിരുന്നോ എന്ന സംശയം നിലനിൽക്കുന്നു. അതിനാൽ ഇവർ യഥാർത്ഥ കർഷകരായിരുന്നോ എന്ന് ഭരണ വകുപ്പും കൃഷി ഡയറക്ടറും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം ടി കർഷകർക്ക് അനുവദിച്ച ഇൻഷ്വറൻസസ് തുക (38,20,334/- രൂപ) യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു. ആനുപാതികമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയും ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ഈടാക്കി തിരിച്ചടക്കാൻ നിർദ്ദേശിച്ചു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 10 | സാമൂഹ്യാരോഗ്യകേന്ദ്രം, വാകത്താനം | 2015, 2016, 2017, 2018 എന്നീ വർഷങ്ങളിൽ എച്ച്.എം.സി. കളക്ഷൻ യഥാസമയം ബാങ്കിൽ ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയതിനാൽ 1,837/- രൂപ പിഴപ്പലിശയായി ഈടാക്കാൻ ശുപാർശ ചെയ്തു. (തിരിച്ചു പിടിക്കാനുള്ള തുക 1,837/- രൂപ) | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 11 | ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | ശ്രീ. എം.എസ്. വിജയൻ (ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ) വാഹന ദുരുപയോഗം നടത്തിയെന്ന് വ്യക്തമായ സാഹചര്യത്തിൽ പിഴയായ 3,379/- രൂപ 24.02.2003 ലെ സർക്കാർ ഉത്തരവ് നം.113/2003/ധന പ്രകാരം ഈടാക്കാൻ ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 12 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടല്ലൂർ | മരുന്നുകളുടെ പരിശോധനയിൽ കുറവ് കണ്ടെത്തിയ മരുന്നുകളുടെ വിലയായ 109/- രൂപയും ലാബ് പരിശോധനയിൽ കുറവ് കണ്ടെത്തിയ പരിശോധന കിറ്റുകളുടെ വിലയായ 1144/- രൂപയും ട്രഷറിയിൽ ഒടുക്കുവാൻ ശുപാർശ ചെയ്തു. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| 13 | ഗവ. എച്ച്.എസ്.എസ് | സെൻസസ്സ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് അധിക വേതനം കൈപ്പറ്റിയ അദ്ധ്യാപകരിൽ നിന്നും 83,429/- രൂപ സർക്കാർ ഖജനാവിലേക്ക് ഒടുക്കുവാൻ ശുപാർശ ചെയ്തു. | 39,703/- രൂപ നാളിതുവരെ തിരിച്ചടച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ട്രഷറിയിൽ ഒടുക്കുന്നതിന് നിർദ്ദേശം നൽകി. അന്തിമ നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 14 | സബ് രജിസ്ട്രാർ ഓഫീസ്, പാമ്പാടി | ഫേസിംഗ് ഷീറ്റുകളുടെ ഭൗതീക പരിശോധനയിൽ കുറവ് കണ്ടെത്തിയ 12 ഫേസിംഗ് ഷീറ്റുകളുടെ തുകയായ 120/- രൂപ ട്രഷറിയിൽ അടയ്ക്കുവാൻ ശുപാർശ ചെയ്തു. | 120/- രൂപ സർക്കാർ ഖജനാവിൽ ഒടുക്കു വരുത്തിയിട്ടുണ്ട് |
| 15 | ജില്ലാ ജയിൽ, കാക്കനാട് | ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ടിന്റെ നിയന്ത്രണത്തിലുള്ള (KL-01-BA-7814) 779 കി.മീ. അനൗദ്യോഗിക യാത്ര നടത്തി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ജയിൽ സൂപ്രണ്ട് വാഹന ദുരുപയോഗം നടത്തി. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 16 | അസിസ്റ്റന്റ് ഡയറക്ടർ സർവ്വേയും ഭൂരേഖയും വകുപ്പ്, തൃക്കാക്കര | സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സർവ്വേയും ഭൂരേഖയും വകുപ്പ് തൃക്കാക്കര അസിസ്റ്റന്റ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള സർക്കാർ വാഹനം ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.മധുലിമായ പി. ദുരുപയോഗം ചെയ്യുകയും 6269/- രൂപ ഇന്ധന ചിലവിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാക്കി. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 17 | ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി | ശ്രീ. അബ്ദുൾ സലാം പി. ഖാദർ, അക്കൗണ്ടന്റ് ബാങ്കിലേയ്ക്ക് ഒടുക്കാതെ 45,375/- രൂപ കൈവശം വച്ചു, 4097/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 18 | പ്രാഥമികാരോഗ്യ കേന്ദ്രം , ഇലഞ്ഞി | മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എച്ച്.എം.സി ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ സീനിയർ ക്ലാർക്ക് ശ്രീ. ബാബു കെ.കെ. വീഴ്ച വരുത്തി. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 19 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ | ദർഘാസ് നിബന്ധനയിൽ ഇളവ് വരുത്തി മാനേജിംഗ് ഡയറക്ടറായ ശ്രീ.ബിജുലാൽ, ജനറൽ മാനേജർ ഇൻ ചാർജ് ശ്രീ.സജി ഇശോ എന്നിവർ ബഫല്ലോ വാങ്ങിയതിൽ കരാറുകാരന് അധികമായി 6,74,883/- രൂപ നൽകി. പ്ലാന്റിൽ കശാപ്പ്, കട്ടിംഗ് ജോലികൾ പുറം കരാർ നൽകിയതിൽ കരാറുകാരന് അധികമായി 55,484/- രൂപ നൽകി. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 20 | ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം മത്സ്യ വകുപ്പ്, എറണാകുളം | ഫെഡറൽ ബാങ്ക് ശാഖയിലെ അക്കൗണ്ട് ക്ലോസ് ചെയ്ത് പദ്ധതിയിനത്തിൽ നീക്കിയിരിപ്പുള്ള തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും, പലിശയിനത്തിൽ നീക്കിയിരിപ്പുള്ള 7,98,495/- രൂപ നിശ്ചിത അക്കൗണ്ട്ശീർഷകത്തിൽ (0049-04-800-80 miscellaneous receipts) ഒടുക്കി ചെലാന്റെ പകർപ്പ് സമർപ്പിക്കുന്നതിനും<br>എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 21 | ജില്ലാ വെറ്റിനറി സെന്റർ, തൊട്ടുപുഴ | ജില്ലാ വെറ്റിനറി സെന്റർ, തൊട്ടുപുഴയിൽ കറവ പശു വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടിൽ, | പരിശോധനാ റിപ്പോർട്ട് അനന്തര നടപടികൾ |

| | | | |
|---|---|---|---|
| | | വെറ്ററിനറി സർജനുമായി ഗുണഭോക്താക്കൾ ഒപ്പുവച്ചിട്ടുള്ള കരാറിന് വിരുദ്ധമായി ഉരുക്കളെ വിൽപ്പന നടത്തിയ 28 ഗുണഭോക്താക്കളിൽ നിന്നും പദ്ധതി ആനുകൂല്യമായി കൈപ്പറ്റിയിട്ടുള്ള 4,20,000/- രൂപ തിരിച്ചുപിടിക്കുവാനും ക്രമവിരുദ്ധമായി 15 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുക 2,25,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഡോ.ജി.എസ്.മധുവിൽ നിന്നും തിരിച്ചു പിടിക്കുവാനും ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാനും ശുപാർശ ചെയ്തു. | സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 22 | കടയത്തൂർ ഗ്രാമ പഞ്ചായത്ത് | കടയത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ KL-38-D-8408 നമ്പർ മഹീന്ദ്ര ബൊലീറോ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും ആയത് 2018 കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ ഇന്ധന ഉപയോഗം നടന്ന 2018 ജനുവരി മാസത്തിലെ ഇന്ധന ഉപഭോഗത്തിന്റെ (194.59 ലിറ്റർ) 50% വരുന്ന തുകയായ 7,005/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തു.<br>കടയത്തൂർ ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് കറവപ്പശു വാങ്ങൽ (ജനറൽ) പദ്ധതിയുമായി ബന്ധപ്പെട്ട് വ്യാജമായി സമർപ്പിച്ച 3 അപേക്ഷകർക്ക് പദ്ധതി ആനുകൂല്യമായി 75,000/- രൂപ ക്രമവിരുദ്ധമായി അനുവദിച്ചു നൽകിയ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായ ഡോ.ദീപ.കെ.കെ യെ മേലിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതിരിക്കാൻ കർശനമായി താക്കീത് ചെയ്യേണ്ടതാണെന്ന് വ്യാജരേഖ ചമച്ച് പദ്ധതിയാനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തു. | പരിശോധനാ റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 23 | എസ്.സി ഡെവലപ്പ്മെന്റ് ഓഫീസ്, ഇടുക്കി | എസ്.സി ഡെവലപ്പ്മെന്റ് ഓഫീസ്, ഇടുക്കിയിൽ യഥാവിധിയുള്ള വൗച്ചറുകൾ സൂക്ഷിക്കാതെ ചെലവഴിച്ചിട്ടുള്ള 3600/- രൂപ 18% പലിശ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസറായിരുന്ന ശ്രീ. കെ.എച്ച്. അബ്ദുൽ സത്താറിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തു. | പരിശോധനാ റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 24 | സബ് രജിസ്ട്രാർ ഓഫീസ്, അക്കികാവ് തൃശ്ശൂർ | മുദ്രവിലയിനത്തിലും (1,000/- രൂപ), ഫീസ് ഇനത്തിലും (51,020/- രൂപ) ഉണ്ടായ നഷ്ടം 01.06.2017 മുതൽ 18% പലിശ സഹിതം ഭാഗധാരത്തിൽ ഉൾപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കേണ്ടതും, ടി തുക അടിയന്തരമായി സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്. തുക അടയ്ക്കാത്ത പക്ഷം ടി കക്ഷികൾക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു. | പരിശോധനാ റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 25 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡയറി ഡെവലപ്മെന്റ് ഓഫീസ്, തൃശ്ശൂർ | 2015 -16 സാമ്പത്തിക വർഷത്തിലെ ജില്ലാ തല ക്ഷീരസംഗമത്തിന്റെ നടത്തിപ്പിലേക്കായി ചാവക്കാട്, മുല്ലശ്ശേരി, മാള എന്നീ ബ്ലോക്കുകളിലെ ക്ഷീരസംഘങ്ങളിൽ നിന്നും ലഭ്യമായ ആകെത്തുകയായ 45,700/- രൂപയുടെ രസീതുകൾ നഷ്ടപ്പെട്ടത് ഹാജരാക്കാത്തപക്ഷം 2015-16 ലെ | പരിശോധനാ റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. നടപടി |

| | | | |
|---|---|---|---|
| | | ക്ഷീര കർഷക സംഗമത്തിന് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരിൽനിന്നും ടി തുക ഈടാക്കാൻ നിർദ്ദേശിച്ചു. ഭാവിയിൽ ക്ഷീരസംഗമത്തിനായി പിരിച്ചെടുക്കുന്ന തുകയ്ക്ക് കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും, ക്ഷീര വികസന വകുപ്പ് ഓഡിറ്റ് വിഭാഗം ഇത് കൃത്യമായി പരിശോധിക്കേണ്ടതുമാകുന്നു. | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 26 | കുമളി കൃഷി ഭവൻ, ഇടുക്കി | കുമളി കൃഷി ഭവനിലെ കർഷകർക്ക് നൽകേണ്ട അർഹമായ ആനുകൂല്യം വ്യാജരേഖ ചമച്ച് തട്ടിയെടുത്ത തുകയായ 10,47,311/- രൂപയും 18% പലിശയും സഹിതം തിരിച്ച് പിടിക്കുവാനുള്ള നടപടി സ്വീകരിക്കുവാനും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ.ദേവസ്യ.ഇ.ഡി, കൃഷി അസിസ്റ്റന്റ് ശ്രീമതി.പ്രിൻസി ജോൺ, അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ.നെജീബ്ഖാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.പ്രശാന്ത്.ബി എന്നീ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും, വിജിലൻസ് അന്വേഷണം നടത്താനും ശുപാർശ ചെയ്തു. | നിർദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഭരണവകുപ്പിന് കൈമാറിയിട്ടുണ്ട്. |
| 27 | ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, തൊടുപുഴ, ഇടുക്കി | ക്ഷീര കർഷകർക്കുള്ള 'കടാശ്വാസ പദ്ധതി' നടപ്പിലാക്കിയതിലൂടെ അർഹരായ അപേക്ഷകർ ഒഴിവാക്കപ്പെട്ടതിനും, അനർഹരായവർ അനധികൃത സാമ്പത്തിക നേട്ടമുണ്ടാക്കിയതിനും, അനുവദിക്കാവുന്ന പരമാവധി തുകയെക്കാൾ കൂടുതൽ തുക സർക്കാരിന് 8,38,078/- രൂപയുടെ (6,18,078 + 50,000 + 70,000 + 1,00,000) സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിനും, ജില്ലാ തല സെലക്ഷൻ കമ്മിറ്റി യോഗത്തെ സംബന്ധിച്ച് വ്യാജ രേഖ ചമച്ചതിനും, കൃത്യ നിർവ്വഹണ വീഴ്ചയ്ക്കും, ഉത്തരവാദിത്വമില്ലായ്മക്കും, ധനസഹായ വിതരണത്തിലെ വിവേചനത്തിനും, മേൽ ഉദ്യോഗസ്ഥരുടെ ഉത്തരവുകളെ അനുസരിക്കാത്തതിനും, സർക്കാർ സംവിധാനങ്ങളോടുള്ള അവഹേളനത്തിനും, ഓഫീസ് നടപടി ക്രമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനും, ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ സ്വന്തം നിലയിൽ പുതുക്കിയ മാനദണ്ഡങ്ങൾ കൂട്ടി ചേർത്ത് അനർഹരായ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകിയതിനും ഇടുക്കി ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന (നിലവിൽ ഡയറക്ടറുടെ ചാർജ് വഹിക്കുന്നു) ശ്രീ. ശ്രീകുമാറിനെതിരെ കർശന വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും സർക്കാരിനുണ്ടായ നഷ്ടം തിരിച്ചു പിടിക്കേണ്ടതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. | നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 28 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഉപകരണങ്ങൾ പർച്ചേസ് ചെയ്തതിൽ ഒരു കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തി. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിക്ക് നിർദ്ദേശം നൽകി. | ഭരണ വകുപ്പ് ചട്ടപ്രകാരം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി തുടങ്ങിയതായി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 29 | ജി.വി. രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം | ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ അടിക്കടിയുണ്ടാകുന്ന ഭക്ഷ്യ വിഷബാധ തടയുന്നതിന് സ്കൂളിന്റെ മെസ്സ് നടത്തിപ്പിൽ സമഗ്രമായ മാറ്റം വരുത്തുവാനും, കായികവകുപ്പിന്റെ അധീനതയിലുള്ള സ്കൂൾ മുറികൾ, ഗ്രൗണ്ടുകൾ തുടങ്ങിയവ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്നതുക കായിക വകുപ്പിന്റെ വരുമാന ശീർഷകത്തിൽ അടവാക്കുവാനും നിർദ്ദേശം നൽകി. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 30 | കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL) ആലുവ | മുൻ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. എ.ഗോപാലകൃഷ്ണൻ നായരുടെ ബാദ്ധ്യത തുകയായി കണ്ടെത്തിയിട്ടുള്ള 6,15,821/- രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഉടനടി ഈടാക്കാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 31 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പുല്ലുവിള | പൂവാർ CHC-യിലേക്ക് സ്ഥലം മാറ്റപ്പെട്ടിട്ടുള്ള ഡോ. ജോസ് ജോൺ റോസിന്റെ അനധികൃതം എന്ന് പറയപ്പെടുന്ന കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുവാൻ നിർദ്ദേശിച്ചു. മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ് ഡോ. നെബു ജോണിനെ മെഡിക്കൽ ബോർഡിന്റെ മുമ്പാകെ ഹാജരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും, പരിശോധനാ ഉദ്യോഗസ്ഥനെ വ്യക്തിപരമായി അപമാനിക്കുന്ന രീതിയിൽ അന്വേഷണക്കുറിപ്പുകൾക്ക് മറുപടി നൽകിയിട്ടുള്ള ഡോ. നെബു ജോണിനെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകി. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 32 | കളക്ടറേറ്റ് ഇടുക്കി (LAR 36/2003) | LAR 36/2003 കേസിൽ 09.04.2010 തീയതിയിലെ വിധിപകർപ്പ് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ ജില്ലാ ഗവൺമെന്റ് പ്ലീഡർക്കെതിരെയും, അപ്പീൽ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർക്കെതിരെയും നടപടി സ്വീകരിക്കുവാനും ടി കേസുമായി ബന്ധപ്പെട്ട് ഇനിയും അടവാക്കാനുള്ള 16,97,360/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അടിയന്തിരമായി അനുവദിച്ച് തുടർന്നുണ്ടാകാനിടയുള്ള നിയമ നടപടികൾ ഒഴിവാക്കുവാനും ഭരണവകുപ്പിന് നിർദ്ദേശം നൽകി. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 33 | കൃഷി ഭവൻ, പാലമേൽ, ആലപ്പുഴ | നീക്കിയിരിപ്പ് തുകയായ 300/- രൂപയുടെ വ്യത്യാസം കണ്ടെത്തി ട്രഷറിയിൽ ഒടുക്കുവാനും ബാങ്ക് നിക്ഷേപത്തിന്റെ പലിശ 17,301/- രൂപ തിരിച്ചിടയ്ക്കുവാനും നിർദ്ദേശം നൽകി. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 34 | ഗ്രാമ പഞ്ചായത്ത്, എഴുപുന്ന | പഞ്ചായത്തിന്റെ തനത് ഫണ്ട്(2016-17, 17-18) നിക്ഷേപങ്ങൾക്ക് സഹകരണ ബാങ്കുകൾ പലിശ മുതൽക്കൂട്ടുന്നില്ലെന്നും, വിവിധ നികുതിയിനത്തിൽ 1,09,98,813/- രൂപ വിവിധ നികുതിയിനങ്ങളിൽ 2018-19 സാമ്പത്തികവർഷത്തിൽ പിരിച്ചെടുക്കാനുള്ളതായും 2016-17 | 1) നിർദ്ദേശാനുസരണം 08/08/2018 ൽ 19,57,808/- രൂപയും07/09/2018 ൽ 5,20,217/-രൂപയും ചേർന്ന തുകയായ 24,78,025/- |

| | | | |
|---|---|---|---|
| | | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3,98,816/- രൂപ ചെലവഴിച്ച് ജനറേറ്റർവാങ്ങിയത് സ്റ്റോർ പർച്ചേസ് മാനുവലിലെ നടപടിക്രമം പാലിക്കാതെയാണെന്നും കണ്ടെത്തുകയും ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുകയും ചെയ്തു. | പലിശയിനത്തിൽ തനത് ഫണ്ടിൽ മുതൽക്കൂട്ടിയതായി DDP അറിയിച്ചിട്ടുണ്ട്. ഭരണ വകുപ്പിൽനിന്ന് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 35 | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ആലപ്പുഴ | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കികണ്ടെത്തിയ 73,296/- രൂപയുടെ ക്രമക്കേട് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽനിന്ന് തിരിച്ചുപിടിക്കാനും വിവിധ അക്കൗണ്ടുകളിൽ ബാങ്കിൽ സഞ്ചിതമായിരിക്കുന്ന 25,75,892/- രൂപ ട്രഷറിയിൽ ഒടുക്കുവരുത്തുവാനും നിർദ്ദേശം നൽകി. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 36 | ഡി.ഇ.ഒ., ആലപ്പുഴ. | 20178-19 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനുശേഷം ബാക്കിവന്ന തുകയായ 6,47,451/- രൂപ ബാങ്കിൽ സഞ്ചിതമായിരുന്നത് ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കുവാൻ നിർദ്ദേശിച്ചു. ശമ്പള നിർണ്ണയത്തിലെ അപാകതമൂലം അധികമായി കൈപ്പറ്റിയ രണ്ട് ഉദ്യോഗസ്ഥരിൽനിന്ന് 11,435/- രൂപ തിരികെ ഒടുക്കുവരുത്തുവാൻ നർദ്ദേശിച്ചു. | 11,435/- രൂപ തിരികെ ഒടുക്കുവരുത്തിയതിന്റെ ചെലാൻ ഹാജരാക്കിയിട്ടുണ്ട്. ഭരണവകുപ്പ് അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 37 | എസ്.എം. കോളേജ്, ചേർത്തല. | 1) പലിശയിനത്തിൽ സഞ്ചിതമായി തുക 1,65,985/- രൂപ<br>2) പി.ഡി. അക്കൗണ്ടിലെ കണക്കിൽ പ്പെടാത്ത തുക 9,54,667/- രൂപ<br>3) സ്കോളർഷിപ്പ് വിതരണത്തിലെ നീക്കിയിരിപ്പായ 08/11/2018 വരെയുള്ള 3,01,585/-<br>4) 1999-2000 മുതൽ 2017-18 വരെയുള്ള ട്യൂഷൻ ഫീസ് ഇനത്തിലുള്ള കുടിശ്ശി 8,97,348/- രൂപയും ചേർന്ന തുകയായ 23,19,585/- അനുബന്ധ ശീർഷകത്തിൽ അടയ്ക്കുവാൻ നിർദ്ദേശിച്ചു. | നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. |
| 38 | താലൂക്ക് സപ്ലൈ ഓഫീസ്, കുട്ടനാട് | ARD, AWD, കമ്മീഷൻ ഇനത്തിലുള്ള അധിക തുക 104346/- രൂപ വരവ് ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പലിശയിനത്തിൽ ലഭിച്ചിട്ടുള്ളതുക 99,028/- രൂപ നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശിച്ചു.<br>റൈറ്റഡ് ഓവർ ഇനത്തിൽ തകഴി സപ്ലൈകോ ഖജനാവിൽ അടയ്ക്കാനുള്ള 32,35,601/- രൂപ ട്രഷറിയിൽ അടയ്ക്കാൻ നിർദ്ദേശിച്ചു.<br>താലൂക്കിലെ മൊത്തവ്യാപാരികൾ റൈറ്റഡ് ഓവർ ഇനത്തിൽ 04/2017 വരെ അടയ്ക്കുവാനുള്ള കുടിശ്ശിക തുകയായ 1,79,323/- പലിശ സഹിതം തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു.<br>പണിഷ്മെന്റ് രജിസ്റ്റർ പ്രകാരം ഇനിയും പിരിച്ചെടുക്കുവാനുള്ള 31,506/- രൂപ കടയുടമകളിൽനിന്ന് തിരിച്ചുപിടിക്കാൻ | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | നിർദ്ദേശിച്ചു. (ആകെ തുക 36,49,804/- രൂപ) | |
| 39 | ഗ്രാമ പഞ്ചായത്ത് ഭരണിക്കാവ് | 82,088/- രൂപ - പൈക്കാ പദ്ധതിയിലേയ്ക്ക് തിരിച്ചടവ് കെട്ടിട നികുതി കുടിശ്ശികയിനത്തിൽ 17,04,342/- രൂപ, വാടക കുടിശ്ശികയിനത്തിൽ 28,662/-രൂപ, CCTV വാങ്ങിയതിലെ ക്രമക്കേട് 27,448/- രൂപ, അൺഎയിഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതിരുന്നതിനാൽ 20,000/- രൂപ , KBOCWWB കളക്ഷൻ ചാർജ്ജ് ഇനത്തിൽ ലഭിക്കേണ്ടുന്ന തുക 29,819/- രൂപ, അവകാശികളില്ലാത്ത ഡെപ്പോസിറ്റുകളായ 6,33,553/- രൂപ (ആകെ 25,25,912/- രൂപ) എന്നിവ ക്രമീകരിക്കാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 40 | എക്സൈസ് റേഞ്ച് ഓഫീസ്, ആലപ്പുഴ | 87750 /- രൂപ ദിവസവേതനത്തിന് അധിക ഡ്രൈവറെ നിയമിച്ച തെറ്റായ നടപടിമൂലം സർക്കാരിനുണ്ടായ ധന നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 41 | PWD റോഡ്സ് സബ് ഡിവിഷൻ, ചേർത്തല | ആലപ്പുഴ ജില്ലയിലെ PWD റോഡുകളിലെ കൈയ്യേറ്റം ഒഴിപ്പിച്ചയിനത്തിൽ 2014-15 മുതൽ<br>17-18 വരെ സർക്കാരിന് ചെലവായിട്ടുള്ള 63,85,437/- രൂപയാണ് തിരിച്ചെടുക്കേണ്ടിയിരുന്നത് ആയതിൽ 75,745/- രൂപ മാത്രമേ വസ്തുക്കൾ ലേലം ചെയ്തവകയിൽ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകയായ 63,09,692/- രൂപ സർക്കാരിന് ഈ ഇനത്തിലുണ്ടായ ധന നഷ്ടമാണ് - (ഇതു സംബന്ധിച്ച് Prl. Secretary, PWD യ്ക്ക് 05/06/2019DO ലെറ്റർ നൽകിയിട്ടുണ്ട്) | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 42 | ICDS, പട്ടണക്കാട് | ബാങ്ക് ഓഫ് ഇന്ത്യ യുടെ തുറവൂർ ശാഖയിൽ 3 അക്കൗണ്ടുകളിൽ ആവശ്യം വ്യക്തമല്ലാതെ നിക്ഷേപിച്ചിട്ടുള്ള 12,367/- രൂപ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു. പലിശയിനത്തിൽ സഞ്ചിതമായ തുകയായ 11,508/- രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 43 | താലൂക്ക് സപ്ലൈ ഓഫീസ്, ചേർത്തല | TSB അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 64,658/- രൂപ നിർദ്ദിഷ്ട ശീർഷകത്തിൽ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു. പണിഷ്മെന്റ് രജിസ്റ്റർ പ്രകാരം 1,99,853/- രൂപ പിരിച്ചെടുത്ത് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു. ഓപ്പൻ മാർക്കറ്റ് ലൈസൻസ് കുടിശ്ശികയിനത്തിൽ 64,900/- പിരിച്ചെടുത്ത് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 44 | ഗ്രാമ പഞ്ചായത്ത് തണ്ണീർമുക്കം. | 1) സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലുമായുണ്ടായ ധനനഷ്ടം 96,852/- രൂപ,<br>2) സഹകരണ ബാങ്ക് പലിശയിനത്തിൽ നൽകേണ്ടുന്ന തുക 20,36,787/- തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ DDP യോട് ആവശ്യപ്പെട്ടു. | 2) സഹകരണ ബാങ്ക് പലിശയിനത്തിൽ നൽകേണ്ടുന്ന തുക 20,36,787/- തനതു ഫണ്ടിൽ മുതൽക്കൂട്ടിയതായി അറിയിച്ചു |

| | | | |
|---|---|---|---|
| | | 3) കെട്ടിട നികുതി കടിശ്ശിക 24,50,400/-, വാടക 8,19,107/- , ട്രേയ്ഡേഴ്സ് തൊഴിൽ നികുതി 57,620/-രൂപയും ചേർത്ത് ആകെ 53,27,127/- രൂപ. | 1, 3 നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. |
| 45 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കായംകുളം | AEO Bank A/c. ൽ ഇനം തിരിച്ചറിയാത്ത തുകയായ 832451/- ഖജനാവിൽ തിരിച്ചടയ്ക്കുന്നതിന് ശുപാർശ | ഭരണവകുപ്പിന് DO lr 17/12/19 ന് നൽകിയിട്ടുണ്ട്. |
| 46 | പട്ടിക ജാതി വികസന ഓഫീസ്, ഹരിപ്പാട് | 2008 ലെ നെൽവയൽ- തണ്ണീർത്തട നീയമത്തിന് വിരുദ്ധമായി നിലം നികത്തി വീട് നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപ 4 ഗുണഭോക്താക്കൾക്ക് ക്രമ വിരുദ്ധമായിനൽകിയതിനെതിരെ ശുപാർശ | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 47 | ഗ്രാമ പഞ്ചായത്ത്, കൃഷ്ണപുരം | അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും 82,482/- രൂപ തിരിച്ചുപിടിക്കുവാൻ നിർദ്ദേശിച്ചു | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 48 | കൃഷി ഭവൻ, തണ്ണീർമുക്കം | അനർഹമായി കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ 36600 രൂപ കൈപ്പറ്റിയ ഗുണഭോക്താവിൽനിന്നും തിരിച്ചുപിടിക്കുവാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 49 | SCDO, ചമ്പക്കുളം | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിയിൽപ്പെടുത്തി 53 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് കൃഷി ഭൂമി വാങ്ങിനൽകിയ ക്രമവിരുദ്ധമായ നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 50 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കണ്ണൂർ | ലോഗ് ബുക്കിൽ രേഖപ്പെടുത്താതെ സർക്കാർ വാഹനം ഉപയോഗിച്ചതിനാൽ 11472 രൂപ തിരിച്ചു പിടിക്കാൻ നിർദ്ദേശിച്ചു.. | 11472 രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 51 | ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്കൂൾ, മാടായി | 1) ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള 37,841 രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കാൻ നിർദ്ദേശിച്ചു<br>2) കടുത്ത ധനകാര്യ അച്ചടക്കരാഹിത്യം കാണിച്ച ഹെഡ് മാസ്റ്റർ ആയിരുന്ന ശ്രീ. ടി. വി. ചന്ദ്രനെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു. | 1) 34,549 രൂപ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്<br>2) ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 52 | ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ നെരുവമ്പ്രം | ഡയറക്ടർ സ്കൂളിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് പാറ്റേൺ പുനപരിശോധി ക്കേണ്ടതും അധിക തസ്തികകൾ മറ്റു സ്കൂളുകളിലേക്ക് പുനർവിന്യസിക്കേണ്ടതുമാണ്. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 53 | സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര | 1).പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ 50,000 രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കാൻ നിർദ്ദേശിച്ചു | നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | നിലവാരത്തിലേക്ക് ഉയർത്തൽ | 2). നിർമ്മിക്കാത്ത ടോയ് ലെറ്റിന് നൽകിയ തുക 1,79,094 രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കാൻ നിർദ്ദേശിച്ചു.<br>3). നിർമ്മാണം പൂർത്തിയാക്കാത്ത ടോയ് ലെറ്റിന് അനുവദിച്ച തുക 2,58,364 രൂപ സർക്കാർ അക്കൗണ്ടിൽ തിരിച്ചടക്കാൻ നിർദ്ദേശിച്ചു. | ലഭ്യമാക്കിയിട്ടില്ല. |
| 54 | തലശ്ശേരി ജനറൽ ഹോസ്പിറ്റൽ | 1) എല്ലാ പ്രവൃത്തികൾക്കും മുനിസിപ്പൽ എഞ്ചിനീയറുടെ മേൽനോട്ടം ഉറപ്പാക്കാൻ നിർദ്ദേശിച്ചു. 2)ICU പുതുക്കിപണിയൽ പ്രവർത്തികൾ ധനകാര്യ പരിശോധന സാങ്കേതിക വിഭാഗം പരിശോധിച്ച് നഷ്ടം കണക്കാക്കി സൂപ്രണ്ടിൽ നിന്നും എൻ.എച്ച്.എം. പ്രോജക്ട് മാനേജരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതുമാണ്. മറ്റു പ്രവർത്തികളിൽ നിന്നു നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അത് സൂപ്രണ്ടിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചു.<br>3) RSBY പദ്ധതി നടത്തിപ്പിൽ വീഴ്ച്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും അവർ കൈപ്പറ്റിയ ഇൻസെന്റീവ് തിരിച്ച് പിടിച്ച് RSBY അക്കൗണ്ടിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചു.<br>4) ICU പുതുക്കിപണിയൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചട്ട വിരുദ്ധമായ ഉത്തരവിറക്കിയ എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജരായ ഡോ. ലതീഷ്.കെ.വി-ക്കെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 55 | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, കണ്ണൂർ | നീക്കിയിരിപ്പ് തുകയായ 230,87,569 രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യുവാനും സർക്കാർ ഇടപാടുകൾ ട്രഷറി അക്കൗണ്ടിലൂടെ മാത്രം നടത്തുവാനും, ചൂട്ടാട്ട ബീച്ചിലെ പാലം നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് ക്രമ വിരുദ്ധമായി നല്കിയ 40 ലക്ഷം രൂപ അഡ്വാൻസ് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുവാനും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 56 | സാമ്പത്തിക വർഷാവസാനം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ പദ്ധതി പണം ചെലവഴിക്കുന്നതിനായി അനാവശ്യ വാങ്ങൽ നടപടികൾ നടത്തുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റിപ്പോർട്ട് | സാമ്പത്തിക വർഷാവസാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി പണം ചെലവഴിക്കുന്നതിനായി അനാവശ്യവാങ്ങൽ നടപടികൾ നടത്തുന്നത് നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 57 | | 1) കോർപ്പസ് ഫണ്ടിനത്തിൽ കേരള വാട്ടർ അതോറിറ്റി കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷൻ 2015-2016, 2016-2017 ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നീക്കിയിരിപ്പായ 12,22,067 രൂപ | ഭരണവകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | ജില്ലാ പട്ടിക ജാതി വികസന ഓഫീസ് കണ്ണൂർ | സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കാൻ നിർദ്ദേശിച്ചു.<br>2) പൂർത്തീകരിക്കാത്ത മൂന്നു പ്രവർത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ചു നീക്കിയിരിപ്പ് തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കാനും, കേരള വാട്ടർ അതോറിറ്റി കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷൻ 2016-2017 പട്ടികജാതി വികസന കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന നിലപ്പനക്കുന്ന് കോളനി കുടിവെള്ള പദ്ധതിക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി വൈകിച്ച തിന് 17,644 രൂപ പിഴ ഈടാക്കി സർക്കാർ അക്കൗണ്ടിലടക്കാനും നിർദ്ദേശിച്ചു. | |
| 58 | മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം | മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ADA ശ്രീ.ബാബു അലക്സാണ്ടർ നടത്തിയ സാമ്പത്തിക തിരിമറി യും മറ്റ് കൃഷി ഓഫീസുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകളും. പണാപഹരണം ഉൾപ്പെടെയുള്ള ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ ശ്രീ.ബാബു അലക്സാണ്ടറിനെ സർവീസിൽ നിന്നും അടിയന്തിരമായി പിരിച്ചുവിടുന്നതിനും വിവിധയിനങ്ങളിൽ ശ്രീ.ബാബു അലക്സാണ്ടറിന്റെ ബാധ്യതയായി സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും(86,53,947) പലിശ സഹിതം(35,28,814) ടിയാനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെ ആവശ്യമായ നടപടികളിലൂടെ ഈടാക്കുന്നതിനും സർക്കാർ പണം അപഹരിച്ചതിനും ശ്രീ.ബാബു അലക്സാണ്ടറിനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും ശിപാർശ ചെയ്തു. വിവിധയിനങ്ങളിൽ കൃഷി ഓഫീസ് ജീവനക്കാരുടെ ബാദ്ധ്യതയായി സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും പലിശ സഹിതം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരിച്ചു പിടിക്കുന്നതിനും ടി ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തു. | മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ബാബു അലക്സാണ്ടറി-നെയും തൊണ്ടർനാട് കൃഷി ഓഫീസർ ശ്രീമതി.ജി.വി.രജനി കൃഷി അസിസ്റ്റന്റുമാരായ ശ്രീ.പ്രദീപൻ, ശ്രീ. രഞ്ജിത്ത് എന്നിവരെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. തുടർനടപടികൾ ഭരണ വകുപ്പ് സ്വീകരിച്ചു വരുന്നു |
| 59 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മഞ്ചേശ്വരം | 45.18 ലക്ഷം രൂപയുടെ നിഷ്ക്രിയ ഫണ്ട് കണ്ടെത്തിയത് തിരിച്ചടക്കാൻ നിർദ്ദേശം നൽകി | ഭരണ വകുപിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 60 | പൊതുമരാമത്ത് ബിൽഡിംഗ്സ് സബ് ഡിവിഷൻ, കാഞ്ഞങ്ങാട് | പ്രവൃത്തികൾ വിഭജിച്ച് നടപ്പാക്കുന്നതായി കണ്ടെത്തി .ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശം നൽകി | ഭരണ വകുപിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 61 | കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ | റോഡ് നിർമ്മാണ കരാറിൽ നിന്നും ഏകപക്ഷീയമായി പിൻമാറിയ കരാറുകാരനിൽ നിന്നും നഷ്ട പരിഹാരം ഈടാക്കാൻശുപർശ ചെയ്തു | ഭരണ വകുപിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 62 | കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് | അനധികൃതമായി യാത്രാബത്ത കൈപ്പറ്റിയത് 18% പലിശയോടെ തിരിച്ചടയ്ക്കുവാൻ നിർദ്ദേശം നൽകി. | ഭരണ വകുപിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 63 | മഹാത്മാ ഗാന്ധി സർവ്വകലാശാല | മഹാത്മ ഗാന്ധി സർവ്വകലാശാലയുടെ വിവിധ പരീക്ഷകൾക്കുള്ള ചോദ്യ പേപ്പറുകൾ വർഷങ്ങളായി ഒരു | ഭരണ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | ഏജൻസിയെ തന്നെ ഏൽപ്പിക്കുന്നത് സംബന്ധിച്ച പരിശോധന - സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ചോദ്യ പേപ്പർ അച്ചടിക്കുന്നതിനായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഇ-ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള പ്രായോഗികത സംബന്ധിച്ച് പരിശോധിച്ച് നടപടിയെടുക്കുവാൻ ഭരണ വകുപ്പിനെ ചുമതലപ്പെടുത്തി. | |
| 64 | കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി | പാഠ പുസ്തകം അച്ചടിക്കുന്നതിൽ തുക വകമാറ്റിയതായി കണ്ടെത്തി. വകമാറ്റിയ പേപ്പറിന്റ് വിലയായ 163,15,558/- രൂപ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 65 | മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യ | ഭരണാനുമതി ലഭിക്കുന്നതിനുമുൻപായി M/S MEATEK FOOD MACHINERIES INDIA PVT. LTD, LUCKNOW എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതായി കണ്ടെത്തി. അടിയന്തിര പ്രാധാന്യത്തോടെ 2014 ൽ ആരംഭിച്ച പ്രവർത്തി, വൈകാനുണ്ടായ സാഹചര്യം സംബന്ധിച്ച് മീറ്റ് പ്രോഡക്ടസ് ഓഫ് ഇൻഡ്യയിൽ നിന്നും അടിയന്തിരമായി റിപ്പോർട്ട് ആവശ്യപ്പെടുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് ഭരണവകുപ്പിന് നിർദ്ദേശം നൽകി | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 66 | കാരാപ്പുഴ ജലസേചന പദ്ധതി- അനധികൃതമായി വീട്ടു വാടക ഈടാക്കുന്നത് സംബന്ധിച്ച് | കാരാപ്പുഴ ജലസേചന പദ്ധതിയിലെ ജീവനക്കാരിൽ നിന്നും വീട്ടുവാടക ബത്തയും പദ്ധതിയേതര ജീവനക്കാരിൽ നിന്നും മറ്റു വകുപ്പുകളിലെ ജീവനക്കാരിൽ നിന്നും വീട്ടുവാടക ബത്തയ്ക്ക് പുറമേ സ്റ്റാൻഡേർഡ് റെന്റും ഈടാക്കുന്നു. ജീവനക്കാരിൽ നിന്നും അതതു കാലത്തെ ശമ്പള പരിഷ്കരണ ഉത്തരവിൽ നിർദേശിച്ച നിരക്കിൽ മാത്രം വാടക ഈടാക്കുന്നതിനും ശമ്പളപരിഷ്കരണ ഉത്തരവിലെ നിർദേശത്തിനു വിരുദ്ധമായി മറ്റു വകുപ്പുകളിലെ ജീവനക്കാരിൽ നിന്നും വാടകയിനത്തിൽ അധികതുകകൾ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് വരും മാസങ്ങളിലെ വാടകയിൽ ക്രമീകരിക്കുന്നതിനോ അല്ലാത്ത പക്ഷം പ്രസ്തുത തുക തിരിച്ചു നൽകുന്നതിനോ ശുപാർശ ചെയ്യു. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 67 | ജില്ലാ ആശുപത്രി മാനന്തവാടി | ജില്ലാആശുപത്രിയുമായി ബന്ധപ്പെട്ട് വിവിധയിനങ്ങളിലായി TR-5 രശീതുകൾ നൽകി സ്വീകരിക്കുന്ന തുകകൾ മാസങ്ങളോളം ഓഫീസിൽ സൂക്ഷിച്ചതിനു ശേഷമാണ് ട്രഷറിയിൽ അടവാക്കുന്നത്. ജില്ലാ ആശുപത്രിയിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുവേണ്ടി 18 ലക്ഷം രൂപ, സമയബന്ധിതമായി പദ്ധതി നിർവഹണം നടത്താതെ പദ്ധതി പൂർത്തിയായതായി കാണിച്ച് 31.03.17 നു ട്രഷറിയിൽ നിന്നും പിൻവലിച്ച് ആശുപത്രി ലേ സെക്രട്ടറിയുടെ പേരിലുള്ള STSB അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത 47124/- രൂപ ക്യാഷ് ചെസ്റ്റിൽ പ്രത്യേക കവറിലായി സൂക്ഷിച്ചതായി കണ്ടെത്തി. മുൻകൂറായി നൽകിയ തുകകളിൽ 85700/- രൂപ ക്രമീകരിക്കപ്പെടാത്തതായി പരിശോധനയിൽ കണ്ടെത്തി. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | ക്യാഷ്ചെസ്റ്റി ൽ പ്രത്യേകമായി സൂക്ഷിച്ച 47124 രൂപ സർക്കാരിലേക്ക് അടിയന്തിരമായി അടവാക്കുന്നതിനും സമയബന്ധിതമായി ക്രമീകരിക്കപ്പെടാത്ത മുൻ കൂർ തുകകൾ, ബന്ധപ്പെട്ടവരിൽനിന്നും, തുക കൈപ്പറ്റിയ തീയതി മുതൽ18% പലിശ സഹിതം ഈടാക്കുന്നതിനും ശുപാർശ ചെയ്തു. മാനന്തവാടി ജില്ലാ ആശുപത്രി സൂപ്രണ്ട്, ലേ സെക്രട്ടറി എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടിക ൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തു. | |
| 68 | ബദിയഡുക്ക ഗ്രാമപഞ്ചായത്ത് | നിയമപരമായി പഞ്ചായത്തിന് കൈമാറിക്കിട്ടാത്ത സ്ഥലത്ത് നാമമാത്രമായ ഗുണഭോക്താക്കൾക്കായി റോഡ് നിർമ്മാണപദ്ധതി വിഭാവനം ചെയ്യുതായി കണ്ടെത്തി . ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിന് നിർദ്ദേശം നൽകി. | ഭരണ വകുപ്പ് നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 69 | വെള്ളരിക്കുണ്ട് താലൂക്ക് | 13,55,974/- രൂപയുടെ നിഷ്ക്രിയ ഫണ്ട് കണ്ടെത്തി ആയത് തിരിച്ചടയ്ക്കാൻ ശുപാർശ ചെയ്തു.. | ഭരണ വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| 70 | ശിശു വികസന പദ്ധതി ഓഫീസ്, കാസർഗോഡ് അഡീഷണൽ | അംഗൻവാടികൾക്ക് വിതരണം ചെയ്യുവാൻ വേണ്ടിയുള്ള സൈക്കിളുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി 2018-19 സാമ്പത്തിക വർഷം അവസാനഘട്ടത്തിലെത്തിയിട്ടും ഫലപ്രാപ്തിയിലെത്തിയില്ല. തുടർ നടപടികൾക്കായി ഭരണവകുപ്പിന് നിർദ്ദേശം നൽകി. | ഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല |
| 71 | കെ .എച്ച് .ആർ.ഡബ്ല്യൂ.എസ്. | മെഡിക്കൽ കോളേജ് ACR ലാബിൽ ചീഫ് ലാബ് ടെക്നീഷ്യൻ ആയിരിക്കെ ശ്രീ.രമേഷ്.ആർ.എസ് KHRWS നിബന്ധനകൾക്ക് വിരുദ്ധമായി അനുവദിച്ച സൗജന്യമായ 4,32,533/-രൂപ ടിയാനിൽ നിന്നും റിക്കവർ ചെയ്യേണ്ടതു സംബന്ധിച്ച് ഭരണ വകുപ്പ് തലത്തിൽ തീരുമാനം എടുക്കുന്നതിനും, ടിയാൻ മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വിഭാഗം കണ്ടെത്തിയ സാമ്പത്തിക ബാദ്ധ്യതയായ 1,67,180.5/- രൂപ ടിയാനിൽ നിന്നും റിക്കവർ ചെയ്യുന്നതിനും, ശുപാർശ ചെയ്തിട്ടുണ്ട്.തൃശ്ശൂർ ACR ലാബിലെ മെഷീനുകൾ കോട്ടയം ACR ലാബിലേക്ക് മാറ്റിയപ്പോൾ മെഷീനിലുണ്ടായിരുന്ന റീ ഏജന്റുകൾ സ്റ്റോക്കലെടുക്കുവാൻ വേണ്ട നിർദ്ദേശം നൽകാതെ സാമ്പത്തിക തട്ടിപ്പിന് കളമൊരുക്കിയ അന്നത്തെ മാനേജിംഗ് ഡയറക്ടർ ശ്രീ.ഹരീന്ദ്രകുമാർ.കെ.ആർ-ൽ നിന്നും 2011-12 വർഷത്തെ ഓഡിറ്റിൽ പരാമർശിച്ച തുകയായ 69,252.5/- രൂപ ഈടാക്കുന്നതിന് ശുപാർശ ചെയ്തു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 72 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കിഴിശ്ശേരി-ഉച്ച ഭക്ഷണ പദ്ധതി | 8 മാസത്തെ സ്റ്റോക്കിൽ ചേർക്കാത്ത അരിയുടെ വിലയായ 1,18,9255/- രൂപയുടെ പകുതിയായ 59,462/- രൂപ 18%പലിശ സഹിതം പ്രധാനാദ്ധ്യാപികയായ ശ്രീമതി.ശോഭന പൊറ്റക്കാടിൽ (നിന്നും ബാക്കി തുകയായ 59,462/- രൂപയിൽ 7,432/- രൂപ ശ്രീ.അനിൽലാൽ സാമിൽ നിന്നും 52,030/- രൂപ ശ്രീ. സന്തോഷ് കുമാറിൽ നിന്നും 18 % പലിശ സഹിതം | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | സേവനമനുഷ്ഠിച്ച കാലയളവിന് ആനുപാതികമായി ഈടാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. | |
| 73 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മങ്കട – ഉച്ച ഭക്ഷണ പദ്ധതി | മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബ്ലാങ്ക് ബില്ലുകൾ മുൻകൂറായി സൊസൈറ്റിയിൽ നിന്ന് കൈപ്പറ്റിയും വ്യാജ ബില്ല് സൃഷ്ടിച്ചും യഥാർത്ഥത്തിൽ വാങ്ങിയ പാലിന്റെ അളവിനേക്കാൾ കൂടുതൽ അളവിൽ പാൽ വാങ്ങിയതായും, പാൽ വിതരണം നടത്താത്ത ദിവസങ്ങളിൽ പാൽ വാങ്ങിയതായും കാണിച്ച് പാങ്ങ് ഗവൺമെന്റ് യു.പി. സ്കൂൾ,ജി.എച്ച്.എസ്.എസ് പാങ്ങ് സ്കൂൾ അധികൃതർ യഥാർത്ഥത്തിൽ ചെലവായ തുകയേക്കാൾ അധികമായി യഥാക്രമം വിനിയോഗിച്ച തുകയായ 5,09,991/- രൂപ 1,25,780/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 74 | ക്ഷീര വികസന വകുപ്പ്, മലപ്പുറം - അനധികൃത നിയമനം | ടെക്നിക്കൽ മാനേജർ തസ്തികയിലേക്ക് അനധികൃതമായി നിയമനം നൽകപ്പെട്ട ശ്രീ.ഗിരീഷ് കുമാറിന് വേതന ഇനത്തിൽ നൽകിയ തുക കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ നില നിർത്തിയിരുന്നുവെങ്കിൽ പലിശ യിനത്തിൽ ലഭിക്കുമായിരുന്ന തുക 18% എന്ന നിരക്കിൽ കണക്കാക്കി ആയത് കാലാകാലങ്ങളിൽ ടിയാന് വേതനം മാറിക്കൊടുത്ത ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് . ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 75 | മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഓഫീസിലെ വാഹന ദുരുപയോഗം | ഔദ്യോഗിക വാഹനം ഉപയോഗം സംബന്ധിച്ച വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിരുദ്ധമായി വ്യക്തിപരമായ ആവശ്യങ്ങൾക്കായും, ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്താതെയും വാഹനം ദുരുപയോഗം ചെയ്തതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. പി.എൻ. പ്രേംചന്ദറിൽ നിന്നും ഇദ്ദേഹം ജോലി ചെയ്ത കാലയളവിൽ ഏറ്റവും കൂടുതൽ ഇന്ധനം ഉപഭോഗം നടത്തിയ 2018 ഫെബ്രുവരി മാസത്തിലെ ഇന്ധനത്തിന്റെ നിലവിലെ വിലയുടെ 50 % ആയ 6220/- രൂപ ഈടാക്കുവാനും വകുപ്പ് തല നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 76 | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പദ്ധതി നടത്തിപ്പിലെ ക്രമക്കേട് | ബ്ലാങ്ക് ബില്ലുകൾ മുൻകൂറായി കടകളിൽനിന്ന് വാങ്ങിയും ഇല്ലാത്ത സ്ഥാപനങ്ങളുടെ പേരിലുള്ള ബില്ലുകൾ ഉപയോഗിച്ചും അനർഹമായ രീതിയിൽ കൈപ്പറ്റിയ തുകയായ 52,490/-രൂപ സി എ ജനാർദ്ദനനിൽ നിന്നും 23,450/- രൂപ ബിബി മാത്യുവിൽ നിന്നും, 16,255/-രൂപ അബ്ദുൾ റഷീദ്.പി നിന്നും 14,100/- രൂപ പ്രമിന.കെ.പി യിൽ നിന്നും 18 % പലിശ സഹിതം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 77 | കുറുവ കൃഷിഭവൻ | ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ അധികമായി ഈടാക്കിയ തുകയായ 52,700/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ഈടാക്കി ആയത് അധിക തുക അടച്ച കർഷകർക്ക് തിരിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതിന് ശുപാർശ നൽകി. | |
| 78 | വെള്ളിയഞ്ചേരി എ.യു.പി സ്കൂൾ | ശ്രീ.കെ.കബീർ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ വെക്കേഷൻ ആരംഭിക്കുന്നതിനു മുമ്പും വെക്കേഷൻ കാലാവധി കഴിഞ്ഞുമുള്ള തീയ്യതികളിൽ സ്കൂളിൽ ഹാജരായതായി കാണിച്ച് വെക്കേഷൻ സമയങ്ങളിൽ ഓണറേറിയത്തോടൊപ്പം കൈപ്പറ്റിയ തുകയായ 78,234/- രൂപ ആയത് കൈപ്പറ്റിയ കാലയളവു മുതൽ സർക്കാരിലേയ്ക്ക് ഈടാക്കുന്നതു വരെയുള്ള കാലയളവിലേയ്ക്ക് 18 % എന്ന നിരക്കിൽ പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുന്നതിനും, ഗ്രാമസഭാ യോഗങ്ങൾ, ഭരണസമിതി യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ എന്നിവയിൽ പങ്കെടുത്ത അതേ വേളയിൽ സ്കൂളിൽ ഹാജരായതായി കാണിച്ചും, വ്യാജ ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പഞ്ചായത്ത് മീറ്റിംഗുകളിലും മറ്റ് യോഗങ്ങളിലും പങ്കെടുത്തതായി കാണിച്ചും സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിയ ടിയാനെ ചട്ടപ്രകാരം സർവ്വീസിൽ നിന്ന് പുറത്താക്കുന്നതിനും ഭരണ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 79 | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | ഔദ്യോഗിക വാഹന ദുരുപയോഗം 10580 രൂപ BDO യുടെ പക്കൽ നിന്നും ഈടാക്കുവാനും അച്ചടക്ക നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 80 | തുമ്പ പോലീസ് സ്റ്റേഷൻ , തിരുവനന്തപുരം | ടി.ആർ 5 രശീതിയിൽ തിരിമറി നടത്തി അപഹരിച്ചതായി കണ്ടെത്തിയ തുകയായ 26,800/- രൂപ 18% പലിശ സഹിതം തുമ്പ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് സബ് ഇൻസ്പെക്ടറായ ശ്രീ. ഓമനക്കുട്ടൻ നായരിൽ നിന്നും ഈടാക്കുവാനും ടിയാനെ തിരുവനന്തപുരം സിറ്റി പോലീസ് ജില്ലക്ക് പുറത്തേക്ക് സ്ഥലം മാറ്റി, വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 81 | വ്യാസ സ്റ്റോർ (മത്സ്യഫെഡ്) | വ്യാസ സ്റ്റോറിലെ സെയിൽസ്മാനായി ജോലി ചെയ്തിരുന്ന ശ്രീ. പി.സി. പ്രവീണിന്റെ ബാദ്ധ്യതയായി നെഗറ്റീവ് ബാലൻസ് ഇനത്തിൽ കണ്ടെത്തിയ 78,877/- രൂപ 18% ശതമാനം പലിശ സഹിതം ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. | നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 82 | പാറശ്ശാല ഗ്രമപഞ്ചായത്ത് | പാറശ്ശാല ഗ്രാമ പഞ്ചായത്തിലെ യു.ഡി ക്ലാർക്കായിരുന്ന ശ്രീ.മധുസൂദനൻ നായർ 11.12.2015 മുതൽ 21.12.2015 വരെ അഡ്മിറ്റ് ചെയ്ത ചികിത്സയിൽ ആയിരുന്ന കാലയളവിൽ ഹാജർ പുസ്തകത്തിൽ കൃത്രിമം കാട്ടി അനധികൃതമായി കൈപ്പറ്റിയ ശമ്പള തുക തിരികെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനോ അല്ലെങ്കിൽ അർഹതപ്പെട്ട ലീവായി ക്രമീകരിക്കാനോ നടപടി സ്വീകരിക്കുവാനും, ശ്രീ.മധുസൂദനൻ നായർക്കെതിരെയും, പർവകുപ്പുതല അച്ചടക്ക നടപടിക്ക | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ശുപാർശ ചെയ്യുന്നതിനും ഹാജർ പുസ്തകത്തിൽ കൃത്രിമം കാട്ടി അനതികൃതമായി തുക അനുവദിച്ച് നൽകിയ സെക്രട്ടറിയെ താക്കിത് ചെയ്യുവാനും ശുപാർശ ചെയ്തു. | |
| 83 | തൃശ്ശൂർ പീച്ചിയിലുള്ള കേരള വനഗവേഷണ കേന്ദ്രത്തിൽ നടത്തിയ പരിശോധന | യാത്രാബത്ത (Travelling Allowance) മാത്രം അനുവദിച്ച് നൽകിയിരുന്ന സർക്കാർ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് ട്രാൻസ്പോർട്ട് അലവൻസ് നൽകിയ KFRI ഡയറക്ടറുടെ 29.11.14-ലെ നടപടിക്രമം മാനദണ്ഡവിരുദ്ധവും ചട്ടലംഘനവുമാണെന്ന് കണ്ടെത്തുകയും. പ്രസ്തുത നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ 01.12.2014 മുതൽ 28 സയന്റിഫിക്ക് സ്റ്റാഫുകൾ കൈപ്പറ്റിയ ട്രാൻസ്പോർട്ടേഷൻ അലവൻസായ 1334976/- രൂപ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 84 | ടൂറിസം വകുപ്പ് ഡയറക്ടറേറ്റ് , തിരുവനന്തപുരം | ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർ യഥാസമയം അഡ്വാൻസ് ക്രമീകരിക്കാതിരിക്കുക,പിൻ അപ് ബോർഡുകളുടെ വാങ്ങലുമായി ബന്ധപ്പെട്ട് സാമ്പത്തിക നഷ്ടം വരുത്തുക എന്നിവ കണ്ടെത്തി. ക്രമീകരിക്കാൻ ശേഷിക്കുന്ന മുൻകൂർ തുകകൾ അടിയന്തിരമായി തിരിച്ചടയ്ക്കുവാൻ ശിപാർശചെയ്തു. അഡ്വാൻസ് ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്കായി വീണ്ടും അഡ്വാൻസ് ഇനത്തിൽ തുക അനുവദിക്കുന്ന സംഗതികളിൽ പിഴ ഈടാക്കുമ്പോൾ അഡ്വാൻസ് തുക കൈപ്പറ്റിയ ഉദ്യോഗസ്ഥർക്കു സമാനമായി ബന്ധപ്പെട്ട ഡി.ഡി.ഒ മാരിൽ നിന്നും ബാധ്യതാ തുക തുല്യമായി ഈടാക്കുന്ന വ്യവസ്ഥ കൂടി ചേർത്ത് അഡ്വാൻസ് സംബന്ധിച്ച ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനായി ധനകാര്യ (വ്യയം-ബി) വകുപ്പിൽ നിന്ന് കർശന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകി. ധനസഹായം നൽകുന്നതിന് മുമ്പായി തുക കൈപ്പറ്റുന്ന സംഘടനയുടെ ഔദ്യോഗിക ഭാരവാഹിയുമായി ടൂറിസം ഡയറക്ടർ ഒരു ധാരണാപത്രം/Indemnity Bond – ൽ ഏർപ്പെടേണ്ടതും 3 മാസത്തിനുള്ളിൽ പരിപാടിയുടെ വൗച്ചറുകൾ, വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുത്തിയ ധനവിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് കർശനമായ വ്യവസ്ഥ ഉറപ്പുവരുത്തേണ്ടതും അവ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കേണ്ടതുമാണ് എന്നും വിമാനയാത്രാ ടിക്കറ്റ് ബുക്കിംഗ് രംഗത്തെ സർക്കാരിന്റെ ഏക സ്ഥാപനമെന്ന നിലയിലും ഒ.ഡി.ഇ.പി.സിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഔദ്യോഗിക ആവശ്യത്തിനായുള്ള വിമാനയാത്രാ ടിക്കറ്റുകൾ ഒ.ഡി.ഇ.പി.സി മുഖേന ബുക്ക് ചെയ്യുന്നതിലേക്കായി ടൂറിസം വകുപ്പ് ഉൾപ്പെടെയുള്ള ഭരണ വകുപ്പുകൾ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും നിർദ്ദേശിച്ചു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 85 | കെ.എസ്.ഡബ്ല്യൂ.സി, എറണാകുളം | സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടത്തിനു വിരുദ്ധമായി സിവിൽ വർക്കിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ എൽ 1 കൂടാതെ എൽ 2 വിനെയെയും നെഗോഷ്യേഷന് വിളിക്കുകയും | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | തുടർന്ന് എൽ 2 വിനു കോൺട്രാക്റ്റ് അവാർഡു ചെയ്യുകയുമുണ്ടായി. ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് OPIL കത്ത് നമ്പർ OP/MD/8569 തീയതി 21.07.18 പ്രകാരം ഓയിൽപാം ഇന്ത്യ ആവശ്യപ്പെട്ട ധനസഹായം (25 ലക്ഷം രൂപ) 15 (പതിനഞ്ച്) ലക്ഷം രൂപയായി ഭരണ വകുപ്പ് പരിമിതപ്പെടുത്തുവാനും. സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടത്തിനു വിരുദ്ധമായി സിവിൽ വർക്കിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ എൽ 1 കൂടാതെ എൽ 2 ആയ ശ്രീ. സജീവ്. ടി.ജി-യെയും നെഗോഷ്യേഷന് വിളിക്കുകയും തുടർന്ന് ടിയാന് കോൺട്രാക്റ്റ് അവാർഡു ചെയ്ത നടപടിയിന്മേൽ അന്നത്തെ എം.ഡിയുടെയും പർച്ചേസിങ് കമ്മിറ്റി അംഗങ്ങളുടെയും വിശദീകരണം സ്വീകരിച്ച് യുക്തമായ അനന്തര നടപടികൾ സ്വീകരിക്കുവാനും ഭരണവകുപ്പിന് നിർദ്ദേശം നൽകി. | |
| 86 | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 2016 ജൂലൈ മാസം മുതൽ കാലയളവിൽ നഗര സഭ വനിത ഹോസ്റ്റൽ നടത്തിപ്പ് വഴി നിലവിലെ ഏജൻസി ആർജ്ജിച്ച വരുമാനമായ 2,68,260/ രൂപമുൻസിപ്പലിറ്റിയുടെ അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. ആയത് 18 പലിശ സഹിതം നഗരസഭയിലേക്ക്തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 87 | ഇട്ടിവ ഗ്രാമ പഞ്ചായത്ത് കോട്ടുക്കൽ വില്ലേജ് ഓഫീസ് ( സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്യവെ മരണപ്പെട്ട ശ്രീ.മുഹമ്മദ് ഇക്ബാലിന്റെ ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് ) | 12/08/13 ൽ മുഹമ്മദ് ഇക്ബാൽ ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കുന്ന സമയത്ത് തെറ്റായ സത്യവാങ്മൂലം നൽകി ഭവന നിർമ്മാണ വായ്പ എടുത്തതായി പരിശോധനയിൽ കണ്ടെത്തി. ടിയാന്റെ പേരിലുള്ള ബാധ്യതയായ 545375/- രൂപ എഴുതിത്തള്ളുന്ന കാര്യത്തിൽ സർക്കാരിന് യുക്തമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ നൽകി. | തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഫയൽ ധനകാര്യ (എച്ച്. ബി-എ) വകുപ്പിനു കൈമാറി. |
| 88 | സർവ്വേയും ഭൂരേഖയും അസിസ്റ്റന്റ് ഡയറക്റ്ററുടെ കാര്യാലയം | 2012-13 മുതൽ 2016-17 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ അനുരഞ്ജനം സമയബന്ധിതമായി പൂർത്തിയാക്കി പത്രിക സമർപ്പിക്കുന്നതിൽ കൊല്ലം അസിസ്റ്റന്റ് റീസർവ്വേ ഡയറക്ടർ നിരന്തരം വീഴ്ച വരുത്തിയതായി കണ്ടെത്തിയ സാഹചര്യത്തിൽ .ഉത്തരവാദികളായ ജൂനിയർ സൂപ്രണ്ട് എസ്.രാധാകൃഷ്ണൻ, ക്ലർക്കുമാരായ ശ്രീ.അനിൽകുമാർ, ശ്രീ.ധനേഷ് എന്നിവർ യാത്രാപ്പടി ഇനത്തിൽ അനധികൃതമായി കൈപ്പറ്റിയ തുക ബാധ്യതയായി നിശ്ചയിച്ച് 18% പലിശ സഹിതം ഈടാക്കുവാനും അവർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ശിപാർശ നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 89 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, PWD ബിൽഡിംഗ്സ് ഡിവിഷൻ, കൊല്ലം. | പൊതുമരാമത്ത് വകുപ്പിന്റെ (കെട്ടിട വിഭാഗം) കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ/ആയിരുന്ന ശ്രീമതി. നസീം വി.ഐ., ശ്രീമതി. ജയ.കെ.എ എന്നിവർ ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ച സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി പരിശോധനയിൽ കണ്ടെത്തി. ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ച സർക്കാർ വാഹനം ദുരുപയോഗം ചെയ്തതിനാൽ ശ്രീമതി. നസീം വി.ഐ., ശ്രീമതി. ജയ.കെ.എ എന്നിവരിൽ നിന്ന് യഥാക്രമം 6325 രൂപയും 4282 രൂപയും അടിയന്തിരമായി ഈടാക്കി പൊതു ഖജനാവിൽ മുതൽക്കൂട്ടുവാൻ ശിപാർശ നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 90 | ക്രിസ്തുരാജ് ഹൈസ്കൂൾ, കൊല്ലം | ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകളിൽ കൃത്രിമം കാണിക്കുക, നൂൺ ഫീഡിംഗ് കമ്മിറ്റി യഥാവിധി വിളിച്ചു ചേർക്കാതിരിക്കുക, വ്യവസ്ഥകൾക്ക് വിരുദ്ധമായ രീതിയിൽ ഭക്ഷണം നൽകുക., പി.ടി.എ പ്രസിഡന്റിന്റെയും മറ്റും ഒപ്പുകൾ വ്യാജമായി രേഖപ്പെടുത്തി കൃത്രിമ രേഖകൾ ചമയ്ക്കുക, ഹാജരുണ്ടായിരുന്നതിനേക്കാൾ കൂടുതൽ കുട്ടികൾക്ക് ഭക്ഷണം നൽകിയതായി രേഖകളിൽ കാണിക്കുക മുതലായ ക്രമക്കേടുകൾ കണ്ടെത്തി. ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിൽ പ്രഥമാദ്ധ്യാപകനായശ്രീ.പോൾ മാർട്ടിൻ.എ യുടെ ഭാഗത്തുനിന്നും വീഴ്ചകൾ വന്നതായി ബോധ്യപ്പെട്ടതിനാൽ ടിയാൾ പ്രഥമാദ്ധ്യാപകനായിരുന്ന മുഴുവൻ കാലയളവിലേയും രേഖകൾ വിശദമായ ഓഡിറ്റിന് വിധേയമാക്കി സർക്കാർ നഷ്ടം കണക്കാക്കി ഈടാക്കുവാനും ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ച വരുത്തിയ നൂൺ മീൽ ഓഫീസർ ആയ ശ്രീമതി.എസ്.ശ്രീജാകുമാരിയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തി വീഴ്ച ആവർത്തിക്കുന്ന പക്ഷം കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശിപാർശ നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 91 | ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ, തെന്മല | സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ ഒഴിവാക്കിക്കൊണ്ട് ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിലേക്ക് 15 സീറ്റർ ബോട്ടും എഞ്ചിനുകളും വാങ്ങാനുള്ള ഇടപാടിൽ മുൻ വൈൽഡ് ലൈഫ് വാർഡൻ ശ്രീമതി.ആർ.ലക്ഷ്മി നടത്തിയ ക്രമക്കേട് നിമിത്തം പൊതുഖജനാവിന് വൻ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ടിയാൾക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുുവാൻ നിർദ്ദേശിച്ചു. സർക്കാർ അനുമതി കൂടാതെ കരാർ മറിച്ച് നൽകരുതെന്ന വ്യവസ്ഥ ലംഘിച്ച് സ്വകാര്യ സ്ഥാപനമായ M/s.Nautical lines ന് കരാർ നൽകുകയും ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിൽ ബോട്ട് ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താതെ ശ്രീമതി.ആർ.ലക്ഷ്മി നൽകിയ Acceptance Certificate ന്റേയും ടി സ്ഥാപനത്തിൽ നിന്ന് ലഭിച്ച ബില്ലിന്റേയും | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | അടിസ്ഥാനത്തിൽ തുക കൈമാറുകയും ചെയ്ത സിഡ്കോയിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും, 15 സീറ്റർ ബോട്ട് വാങ്ങുന്നതിനായി സിഡ്കോയ്ക്ക് കൈമാറിയ 3083857/- രൂപ സിഡ്കോയിൽ നിന്നും ഈടാക്കി ഗവൺമെന്റിലേക്ക് മുതൽക്കൂട്ടുവാനും ശിപാർശ നൽകി. | |
| 92 | ഇറിഗേഷൻ ഓഫീസ്, ആശ്രാമം | മേജർ ഇറിഗേഷൻ കൊല്ലം സെക്ഷനിൽ 27/09/2014 മുതൽ 24/10/2018 വരെ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശിവാനന്ദൻ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എം ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും വിശദാംശങ്ങളും കൃത്യമായി സൂക്ഷിക്കാതിരുന്നതിന്മേൽ ശ്രീ ശിവാനന്ദന് കർശനമായ താക്കീത് നൽകുവാനും ടിയാൾക്കെതിരായ പരാതി തീർപ്പാക്കുന്നതിനായി ടിയാൻ കൊല്ലം സെക്ഷന്റെ ചുമതല വഹിച്ചിരുന്ന കാലയളവിൽ പ്രസ്തുത സെക്ഷനിലേക്ക് നൽകിയ മുഴുവൻ എം ബുക്കുകളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി . | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 93 | കൊല്ലം ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസ് | 17.09.2018 ലെ സ.ഉ.(സാധാ)നം.475/2018/ആയുഷ് ഉത്തരവ് പ്രകാരം പുതിയ ജില്ലാ മെഡിക്കൽ ഓഫീസർ ചാർജ്ജ് എടുക്കാൻ എത്തിയ അവസരത്തിൽ കൊല്ലം ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ നിന്നും സ്ഥലംമാറ്റപ്പെട്ടിട്ടും ചാർജ്ജ് കൈമാറുന്നതിന് വിസമ്മതം പ്രകടിപ്പിക്കുകയും ചട്ടവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്ത ഡോ.പ്രിയദർശിനിയുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും ഉണ്ടായിട്ടുണ്ടെന്നും തന്മൂലം കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മൂന്ന് മാസത്തോളം ശമ്പളം നൽകാനായിട്ടില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ. ഡോ.പ്രിയദർശിനിക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 94 | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേഷൻ ആൻഡ് കൊഗ്നിറ്റീവ് സയൻസ് ,തിരുവനന്തപുരം | CCONS ന്റെ ഷൊർണ്ണൂർ, തിരുവനന്തപുരം കേന്ദ്രങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന അൻപത് ജീവനക്കാരെ യോഗ്യത, തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ എന്നിവ പരിശോധിക്കാതെ സ്ഥിരപ്പെടുത്തിയത് നിയമവിരുദ്ധവും സുപ്രീംകോടതി ഉത്തരവുകളുടെയും ഭരണഘടന ചട്ടങ്ങളുടെയും ലംഘനവുമാണ്. ക്രമരഹിതമായി കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ആയതിനായി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യാനുള്ള തീരുമാനം പുനഃ : പരിശോധിക്കുക | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 95 | ഹയർ സെക്കണ്ടറി റീജിയണൽ | ചട്ടവിരുദ്ധമായി 5 വർഷത്തിലധികം പഴക്കമുള്ള ബില്ലുകൾ മാറിക്കൊടുത്തതായി കണ്ടെത്തുകയും, ആയതിന് | ,ഭരണവകുപ്പിൽ നിന്നും നടപടി |

| | | | |
|---|---|---|---|
| | ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം കണ്ണൂർ | ഉത്തരവാദിയായ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കെതിരേ അച്ചടക്ക നടപടി എടുക്കുവാൻ ശിപാർശ നൽകുകയും ചെയ്തു. | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 96 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര | കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന സീനിയർ സൂപ്രണ്ട് ശ്രീ. ധർമ്മജൻ. വി, സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും നഗ്നമായ ലംഘനം നടത്തി സർക്കാർ ഫണ്ട് ചെലവഴിച്ചതിനും നിയമാനുസൃതമായ ലേല നടപടികൾ സ്വീകരിക്കാതെ സർക്കാരിന്റെ ആസ്തി തന്നിഷ്ടപ്രകാരം 350 കിലോഗ്രാം ഇരുമ്പ് കമ്പി പട്ട എന്നിവ 4200/- രൂപയ്ക്ക് വിറ്റ നടപടിയ്ക്കും ടിയാനെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.<br>കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ നിർവ്വഹണത്തിനു ശേഷം സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പായി സൂക്ഷിച്ചുവരുന്ന 83675/- രൂപ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചു. | ,ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 97 | ഗ്രാമപഞ്ചായത്ത്, പള്ളിയ്ക്കൽ | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ ജനനം, മരണം, വിവാഹം എന്നിവയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നിട്ടുള്ളതായ പരാതിയിൽ കഴമ്പുണ്ട് എന്ന് കണ്ടെത്തുകയും, നടക്കാത്ത വിവാഹങ്ങൾ നടന്നതായി കാണിച്ചുകൊണ്ടുള്ള അടൂർ പറന്തൽ ഉദയഗിരി ക്ഷേത്രത്തിന്റെ പേരിലുള്ള വ്യാജ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിവാഹം രജിസ്റ്റർ ചെയ്തതിന്മേൽ പോലീസ്/വിജിലൻസ് അന്വേഷണം നടത്തുവാൻ ശിപാർശ നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 98 | പത്തനംതിട്ട അങ്ങാടിക്കൽ തെക്ക് എസ്.എൻ.വി.എച്ച് സ് ഊൾ | 2017-18 അദ്ധ്യയന വർഷത്തിൽ ഉച്ചഭക്ഷണ പരിപാടിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അംഗീകരിക്കാൻ കഴിയാത്ത വൗച്ചറുകളുടെ/ബില്ലുകളുടെ അടിസ്ഥാനത്തിൽ ക്രമരഹിതമായി ചെലവഴിച്ച 74106/- രൂപ ബന്ധപെട്ട ജീവനക്കാരിൽ നിന്നും തുല്യമായി ഈടാക്കി സർക്കാർ അക്കൗണ്ടിൽ ഒടുക്കി ചെലാന്റെ പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 99 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഏനാദിമംഗലം | ഏനാദിമംഗലം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ രോഗ പ്രതിരോധ കുത്തിവയ്പ്" എന്ന പ്രോജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് സുതാര്യതയില്ലാത്ത രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഖജനാവിൽ നിന്ന് പണം ചെലവഴിക്കപ്പെട്ടിട്ടുള്ളതിനാൽ, വിഭാവനം ചെയ്തത് പ്രകാരം പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ആയതിനാൽ പ്രോജക്ടിന്റെ നിർവഹണവുമായി | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ബന്ധപ്പെട്ട് സർക്കാർ ഖജനാവിൽ നിന്ന് പിൻവലിച്ച 19200 രൂപയും തുക പിൻവലിക്കപ്പെട്ട തീയതി മുതൽ നാളിതുവരെയുള്ള കാലയളവിലെ 18% പലിശയും നിർവഹണ ഉദ്യോഗസ്ഥ ഡോ. ദിവ്യ ആർ. ജയൻ , PHN ശ്രീമതി എസ്. റോസമ്മ, ക്ലാർക്ക്,ഹെഡ് ക്ലാർക്ക് ശ്രീ.എം.പി.പത്മനാഭൻ, ശ്രീമതി സിബി ഹുസൈൻ (പെൻ നമ്പർ 365081) എന്നിവരിൽനിന്നും തുല്യമായി ഈടാക്കി സർക്കാർ ഖജനാവിൽ ഒടുക്കി ചെല്ലാന്റെ പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകി. | |
| 100 | കൃഷി ഭവൻ,ആറന്മുള | കുരുമുളക് കൃഷി വ്യാപന പദ്ധതി പ്രകാരം കുരുമുളക് വള്ളികൾ വിതരണം ചെയ്തതിലെ അപാകതകൾ , പദ്ധതി വിഭാവനം ചെയ്തത് പ്രകാരം ഫാം പ്ലാൻ എന്ന പദ്ധതി നിർവ്വഹണം നടത്താതെ തുക ക്ലെയിം ചെയ്ത് ക്യാഷ് ബുക്കിൽ നീക്കിയിരിപ്പായി സൂക്ഷിച്ചത്, ഓണത്തിന് ഒരു മുറം പച്ചക്കറി സീഡ് കിറ്റുകൾ,പ്രഷർ സ്പ്രേയറുകൾ വിതരണം ചെയ്തതിലെ അപാകതകൾ, എന്നിവ കണ്ടെത്തി. പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, ഓണക്കാലത്ത് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനും, സർക്കാർ വിഭാവനം ചെയ്ത "ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന പദ്ധതി, ഫലപ്രദമായ നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ കൃഷി അസിസ്റ്റന്റുമാരായ ശ്രീ. ഗോപകുമാർ.വി (356646), ശ്രീ. പരമേശ്വരൻ പിള്ള.ബി (357596), ശ്രീ. സജീവ്കുമാർ. വി (183723), ആയതിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്ന കൃഷി ഓഫിസർ ശ്രീ.മാത്യൂസ് കോശി (606453) എന്നീ ജീവനക്കാർക്കെതിരെ അനുയോജ്യമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 101 | കൃഷി ഭവൻ, ഇലന്തൂർ | ക്യാഷ് ബുക്ക് പരിപാലനത്തിലെ വീഴ്ച, കൃഷി അസിസ്റ്റന്റ്മാർ തങ്ങൾ നിർവ്വഹിക്കുന്ന ഫീൽഡ് പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന വർക്ക് ഡയറി എഴുതി സൂക്ഷിക്കുന്നതിലെ വീഴ്ച, മിനി പോളി ഹൗസ് നിർമ്മാണത്തിലുണ്ടായ കാലവിളംബം എന്നിവ കണ്ടെത്തി.<br>കേരള ട്രഷറി കോഡ് വാല്യം I 92 (a) ൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം ക്യാഷ് ബുക്ക് ദിവസേന എഴുതി സൂക്ഷിക്കുന്നതിനും മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നതിനും കൃഷി ഓഫീസർക്ക് കർശന നിർദ്ദേശം നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 102 | ഡി.എഫ്.ഒ, കോന്നി | ക്യാഷ് ചെസ്റ്റിലല്ലാതെ സർക്കാർ പണം സൂക്ഷിച്ചിരിക്കുന്നതും ചെക്കുകൾ വിതരണം ചെയാതെ ക്രമരഹിതമായ സൂക്ഷിക്കുന്നതും അടിയന്തിരമായി പരിഹരിക്കുവാനും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി യുടെ കൈവശമിരിക്കുന്ന വനഭൂമി തിരികെ പിടിക്കുന്നതിനുള്ള നടപടിയും പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുവാനും നിർദ്ദേശിച്ചു . | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 103 | അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി | ധാന്യ സംഭരണത്തിനുള്ള ഗ്രാനറികൾ വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതി അന്വേഷിക്കുവാൻ അഗ്രിക്കൾച്ചറൽ | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | വിജിലൻസിനെ ചുമതലപ്പെടുത്തി .<br>മില്ലറ്റ് ഗ്രാമം പദ്ധതിയുടെ ഫണ്ട് വിനിയോഗം ചെയ്യുന്നതിന് കൃഷിവകുപ്പിലെ സ് പെഷ്യൽ ഓഫീസറെ കൂടാതെ എസ് ടി വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ കൂടി ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തു | |
| 104 | താലൂക്ക് ഓഫീസ് കൊയിലാണ്ടി | കൊയിലാണ്ടി താലൂക്കിൽ നിന്നും നഷ്ടപ്പെട്ട 47 രസീത് ബുക്കുകളെ സംബന്ധിച്ച് വകുപ്പ് തലത്തിൽ സമഗ്രമായ ഒരന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ KCS(CC&A)Rule-1960 പ്രകാരം നടപടി സ്വീകരിച്ച് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കാൻ ശുപാർശചെയ്തു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 105 | കലക്ടറേറ്റ് കോഴിക്കോട് | കോടിക്കണക്കിനു രൂപ വിലമതിക്കുന്ന സർക്കാർ ഭൂമി നടപടി ക്രമങ്ങൾ പാലിക്കാതെ സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്നതിനുള്ള ശ്രമം നടന്നതായി കണ്ടെത്തി . സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് അനധികൃതമായി നല്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിനോടാവശ്യപ്പെട്ടു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 106 | താലൂക്ക് ഓഫീസ് കോഴിക്കോട് | 1992 ലെ കേരളാ കെട്ടിട നികുതി ചട്ടം, 3 പ്രകാരം വില്ലേജോഫീസർമാർ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തതിനാൽ നികുതി രക്ഷ നേടിയ കെട്ടിടങ്ങളിൽനിന്നും സർക്കാരിനുണ്ടായ വരുമാന നഷ്ടമായ 4.41 കോടി രൂപയുടെ പലിശയായ് 6% എന്ന നിരക്കിൽ കണക്കാക്കി ആയത് (26.46 ലക്ഷം രൂപ) വീഴ്ചക്ക് കാരണക്കാരായ വില്ലേജോഫീസർമാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവാൻ നിർദ്ദേശിച്ചു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 107 | കല്ലായ് ഗവ.ഗണപത് എച്ച്.എസ്.എസ് | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠിക്കാനുതകും വിധം നാല് സ്കൂളുകളെ മോഡൽ ഇൻക്ലൂസീവ് സ്കൂളുകൾ ആക്കുന്നതിന് വേണ്ടി 48 ലക്ഷം രൂപ അനുവദിച്ചതിൽ ഒരു സ്കൂളിന്റെ പ്രവൃത്തിപോലും ശരിയാവണ്ണം നടപ്പിലാക്കിയില്ല, IED ഡെപ്യൂട്ടി ഡയറക്ടർ തന്റെ ഉത്തരവാദിത്വം യഥാവിധി നടപ്പിലാക്കാത്തതാണ് 4 സ്കൂളുകളുടേയും നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നത്. ആയതിനാൽ ടിയാൾക്കെതിരെ KSR Part 3 ചട്ടം 59 (d) പ്രകാരം ഭരണ വകുപ്പ് നടപടി സ്വീകരിക്കുവാനും ക്രമവിരുദ്ധമായി ചെലവഴിച്ച) 4.66 ലക്ഷം രൂപ മുൻ പ്രധാന അദ്ധ്യാപികയിൽ നിന്നും റിക്കവർ ചെയ്യുവാനും നിർദ്ദേശിച്ചു. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 108 | പനമണ്ണ യു.പി. സ്കൂൾ | സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്ത പനമണ്ണ യു.പി സ്കൂൾ പ്രധാനാധ്യാപികയ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും , അനർഹമായി കൈപ്പറ്റിയ സബ്സിഡി തുകയായ 10,000/- രൂപ 18% പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനും ശിപാർശ നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 109 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, | ടാക്സി പെർമിറ്റ് ഇല്ലാത്ത വാഹനം വാടകയ്ക്കെടുത്ത് ഔദ്യോഗിക യാത്രകൾക്ക് ഉപയോഗിക്കുക വഴി കൈപ്പറ്റിയ 26,430/- രൂപ തൽസമയങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | പി.ഡബ്ല്യൂ.ഡി. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, പാലക്കാട്. | ശീർഷകത്തിലേക്ക് തിരികെ ഒടുക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട് | |
| 110 | മഞ്ഞളൂർ ASB സ്കൂൾ | ശ്രീ.എസ്.സന്തോഷ് എന്ന പുതിയ അധ്യാപകനെ നിയമിച്ചതിലൂടെ സർക്കാരിന് നഷ്ടമായ 23,103/-രൂപ, തൽസമയത്തെ മാനേജരിൽ നിന്നും തിരിച്ചു പിടിക്കുന്നതിനും, തൽസമയത്തെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കെതിരെ വകുപ്പുതലത്തിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും, ഈ വീഴ്ച്ചക്ക് കാരണക്കാരിയായ പ്രധാനാധ്യാപികക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 111 | BSSHS കൊല്ലങ്കോട് | ഉച്ചഭക്ഷണ പദ്ധതി ഫണ്ടിൽ നിന്നും അനധികൃതമായി പിൻവലിച്ച പണം 18% പലിശ സഹിതം തിരിച്ചടയ്ക്കാൻ ശുപാർശ നൽകി. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 112 | സംയോജിത ശിശുവികസന പദ്ധതി ഓഫീസ്, അട്ടപ്പാടി | ഔദ്യോഗിക വാഹനത്തിന്റെ പഴയ ടയറുകൾ അനുമതിയില്ലാതെ സ്വകാര്യ വ്യക്തിക്ക് വിറ്റ് പുതിയ ടയർ വാങ്ങിയ ഡ്രൈവർ, സ്റ്റോർ പർച്ചേസ് നടപടി ക്രമം പാലിക്കാതെ അംഗൻവാടികൾക്കായി പ്രീ- സ്കൂൾ കിറ്റ് വാങ്ങിയ ശിശുവികസന പദ്ധതി ഓഫീസർ എന്നിവർക്കെതിരെ കർശനമായ അച്ചടക്ക നടപടിയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 113 | പട്ടികവർഗ്ഗ സഹകരണസംഘം, മലമ്പുഴ | ജീവനക്കാരിൽ നിന്നും പ്രൊവിഡന്റ് ഫണ്ട് വിഹിതം ഈടാക്കുന്നതിൽ വീഴ്ച്ചവരുത്തിയതിന് ഉത്തരവാദിയായിട്ടുള്ള സെക്രട്ടറിമാർക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും ശ്രീ. കണ്ടമുത്തന് നൽകുവാനുള്ള 6,38,048/- രൂപഘട്ടം ഘട്ടമായെങ്കിലും നൽകുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 114 | ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്,ചിറ്റൂർ | വാഹനങ്ങളുടെ ഇന്ധന ക്ഷമത മോട്ടോർ ട്രാൻസ്പോർട്ട് സ്റ്റേഷൻ ഓഫീസർ (ഡിവിഷണൽ ഓഫീസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, പാലക്കാട്) കൃത്യമായി പുനർ നിർണ്ണയിക്കുന്നതിനും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാതെ/പുതുക്കാതെ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ആയത് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര തുടർ നടപടികൾ കൈക്കൊള്ളുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട് | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 115 | എം.ജി.എൽ.പി സ്കൂൾ, എം.പുതൂർ | സസ്പെൻഷൻ കാലയളവിലെ ശമ്പളം നിയമവിരുദ്ധമായി കൈപ്പറ്റിയ പ്രധാനാധ്യാപികയും ആയത് അനുവദിച്ച് നൽകിയ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സബ് ട്രഷറി ഓഫീസർ എന്നിവർക്കുമെതിരെ ആവശ്യമായ നിയമനടപടികൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിനും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ഇവർക്കെതിരെ | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ഭാഗത്തു നിന്നുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ഇവർക്കെതിരെ വകുപ്പുതലത്തിൽ കർശനമായ താക്കീത് നൽകുന്നതിനും പ്രധാനാധ്യാപികയ്ക്ക് സസ്പെൻഷൻ കാലയളവിലെ ശമ്പളം അനുവദിച്ചതിൽ സർക്കാരിന് നഷ്ടമായ 7,26,384/- മാനേജരിൽ നിന്നും ഈടാക്കുന്നതിനും കേരള വിദ്യാഭ്യാസ നിയമം ചാപ്റ്റർ III റൂൾ 7 ലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് മാനേജർക്കെതിരെ വകുപ്പ് തലത്തിൽ കർശനമായ അച്ചടക്ക നടപടികൾക്കും ശിപാർശ ചെയ്തിട്ടുണ്ട് | |
| 116 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ചിറ്റൂർ, | ബാങ്ക് അക്കൗണ്ടുകളിൽ വേർതിരിച്ചറിയാനാവാതെ 19,80,607/- രൂപ അടിയന്തിരമായി പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ''0049-04-800-80-Miscellaneous Receipts Other Items'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുന്നതിനും, കൊഴിഞ്ഞാമ്പാറ, വടകരപ്പതി കൃഷിഭവനുകളിലെ നാല് കർഷകർക്ക് അധികമായി നൽകിയ 24,924/- രൂപ തിരിച്ചുപിടിച്ച് എസ്. എച്ച് .എം അക്കൗണ്ടിൽ ഒടുക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. | ഭരണവകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| 117 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (ഗവ. മെഡിക്കൽ കോളേജ്, പാലക്കാട്) | സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ പാലിക്കാതെ മോർച്ചറി, കൂളർ, കോൾഡ് സ്റ്റോറേജ്, പഠനോപകരണങ്ങൾ, ഇലക്ട്രോണിക്സ് സ്റ്റോർട്സ് ഉപകരണങ്ങൾ എന്നിവ വാങ്ങിയതായി കണ്ടെത്തിയിരുന്നു. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് TR5 രസീത് ഉപയോഗിച്ച് വരുന്നതെന്നും കണ്ടെത്തി. സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചുള്ള പ്രകാരമുള്ള നിർദ്ദേശങ്ങളും നിബന്ധനകളും നടപടി ക്രമങ്ങളും കൃത്യമായി പാലിക്കുക, ഫീസുകൾ പിരിച്ചെടുക്കുന്നതിനായി പ്രത്യേകം പ്രിന്റ് ചെയ്ത രശീതി പുസ്തകങ്ങൾ തന്നെ ഉപയോഗിക്കേണ്ടതും ടി തുക നിക്ഷേപിക്കുന്നതിനായി സർക്കാരിന്റെ അനുമതിയോടുകൂടി ഗവൺമെന്റ് ട്രഷറിയിൽ ഒരു അക്കൗണ്ട് തുടങ്ങുക, സ്പെഷ്യൽ ഓഫീസറുടെയും പ്രിൻസിപ്പാളിന്റേയും പേരിൽ പരിപാലിച്ചുവരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ പലിശ ഇനത്തിൽ നാളിതുവരേക്ക് സ്വരൂപിക്കപ്പെട്ട ആകെ തുകയായ 12,91,016/- രൂപ അടിയന്തിരമായി പിൻവലിച്ച് ഗവൺമെന്റ് ട്രഷറിയിലെ ''0049-04-800-80-Miscellaneous Receipts other items'' എന്ന ശീർഷകത്തിലേക്ക് മുതൽക്കൂട്ടുവാൻ നിർദ്ദേശിച്ചു. | രണ്ടു അക്കൗണ്ടുകളിലുമായി പലിശയിനത്തിൽ കോളേജിന് ആകെ ലഭിച്ച തുക 21,12,668.00 രൂപ റിപ്പോർട്ടിൽ നിർദ്ദേശിച്ചതു പ്രകാരം ട്രഷറിയിൽ 06.06.2016-ൽ "0049-04-800-80-Miscellaneous Receipts Other items" എന്ന ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ